അസംബ്ലി സമ്മേളനം നടക്കുമ്പോഴും മുദ്രാവാക്യം വിളിക്കാൻ പാടില്ലെന്നു പ്രത്യേകം നിർദ്ദേശിച്ചിട്ടില്ലേ?

ശ്രീ. പി. രവീന്ദ്രൻ: അതു പ്രത്യേകസാഹചര്യത്തിലാണ്.

മി. സ്പീക്കർ: ഈ സഭയിൽത്തന്നെ ഇതിനുമുമ്പു വ്യക്തമാക്കിയിട്ടുള്ളതാണ്.

ശ്രീ. ആർ. കൃഷ്ണൻ, (പാലക്കാട്): 135 സ്ട്രൈക്കുകളും നടന്നതായി പറഞ്ഞു. ട്രാൻസ്പോർട്ടുസമരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? കഴിഞ്ഞ ഒരുമാസക്കാലം സത്യാഗ്രഹം നടത്തിയിട്ടുണ്ട്. അനുരഞ്ജനം നടത്താനോ കൂടിയാലോചനയ്ക്കു വിളിക്കാനോ ലേബർഡിപ്പാർട്ടുമെൻറോ ലേബർമന്ത്രിയോ നടപടി എടുക്കാത്തത് എന്തുകൊണ്ടാണ്?

ശ്രീ. പി. രവീന്ദ്രൻ: മറെറാരു ഡിപ്പാർട്ടുമെൻറിന്റെ കീഴിൽ ഉള്ളതും കൂടിയാലോചനകൾ ആ ഡിപ്പാർട്ടുമെൻറിന്റെ മേഖലയിൽ നടന്നുകൊണ്ടിരിക്കുന്നതും ആയ കാര്യമായതുകൊണ്ടാണ് ലേബർ ഡിപ്പാർട്ടുമെൻറ് ഉടനടി ഇടപെട്ട് അനുരഞ്ജനം നടത്താതിരിക്കുന്നത്.

ശ്രീ. പി. കുഞ്ഞൻ: ഘെരാവോ ഈ ഗവൺമെൻറ് അംഗീകരിക്കുന്നില്ലെന്നു പറഞ്ഞു. അങ്ങനെയാണെങ്കിൽ, ഈ ഗവൺമെൻറ് അധികാരം ഏറെറടുത്തശേഷം ബഹുമാനപ്പെട്ട മന്ത്രിയുടെ പാർട്ടിക്കാർ ഒലവക്കോട് ഒരു ഘെരാവോ നടത്തി. ആ ഘെരാവോയുടെ സ്വഭാവം എന്താണ്?

മി. സ്പീക്കർ: ആർഡർ, ആർഡർ. ഘെരാവോ അംഗീകരിക്കുന്നില്ലെന്നു പറഞ്ഞു. മറെറുവിധത്തിലുള്ള ഘെരാവോകളെപ്പററി ചോദിച്ചിട്ടു കാര്യമില്ല.

കാർഷികത്തൊഴിലാളികൾക്ക് വെൽഫയർ ഫണ്ട്

* 90 (328) ശ്രീ. കെ. കെ. കുമാരപിള്ള: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ കാർഷികത്തൊഴിലാളികൾക്ക് ഒരു 'വെൽഫെയർ ഫണ്ട്' ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശം ഗവൺമെൻറിന്റെ പരിഗണനയിൽ ഉണ്ടോ?

വ്യവസായവും തൊഴിലും മന്ത്രി (ശ്രീ. പി. രവീന്ദ്രൻ): ഇല്ല.

ശ്രീ. കെ. കെ. കുമാരപിള്ള: സർ, താരതമ്യേന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതും സാമുദായികവിഭാഗങ്ങൾ കൂടുതലില്ലാത്തതുമായ തൊഴിലാളിവിഭാഗമായതുകൊണ്ടാണോ വെൽഫയർ ഫണ്ട് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നില്ലെന്നു പറയുന്നത്?

ശ്രീ. പി. രവീന്ദ്രൻ: കർഷകത്തൊഴിലാളികൾക്ക് വേണ്ടത് വെൽഫെയർ ഫണ്ടുതന്നെ ആയിരിക്കണമെന്നു ഗവൺമെൻറു കരുതുന്നില്ല. കർഷകത്തൊഴിലാളികൾക്കു ഫെയർവേജു നിശ്ചയിക്കുകയും കർഷകത്തൊഴിലാളികളും കർഷകരും തമ്മിൽ തർക്കമുണ്ടാകുന്ന സമയത്ത് തർക്കങ്ങൾ പരിഹരിക്കുന്നതിനു നടപടിയെടുക്കുകയും ചെയ്തിട്ടുണ്ട്. അതിനു വേണ്ടി ഒരു നിയമനിർമ്മാണത്തിനും നടപടി എടുത്തിട്ടുണ്ട്. താമസിയാതെ അതുസംബന്ധിച്ച ഒരു ബിൽ സഭയിൽ അവതരിപ്പിക്കാമെന്നാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ: തൊഴിൽത്തർക്കം തീർക്കുന്നതിനു നടപടി എടുത്തിട്ടുണ്ടെന്നു പറഞ്ഞു. ചെത്തുതൊഴിലാളികൾക്കും മറ്റും ഏർപ്പെടുത്തിയിരിക്കുന്നതുപോലെ പ്രൊവിഡൻറ് ഫണ്ടും ഗ്രാറ്റുവിറ്റിയും കിട്ടാനിടയില്ലാത്ത ഈ വിഭാഗം ആളുകൾക്ക് ക്ഷേമനിധിയുടെ സ്വഭാവത്തിലുള്ള എന്തെങ്കിലും ആനുകൂല്യങ്ങൾ ഏർപ്പെടുത്താൻ ദയവുണ്ടാകുമോ?

ശ്രീ. പി. രവീന്ദ്രൻ: ഇപ്പോൾ അത് ഗവൺമെൻറിന്റെ പരിഗണനയിൽ ഇല്ല.

ശ്രീ. കെ. കെ. കുമാരപിള്ള: കർഷകത്തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നതിനുവേണ്ടി കേരളത്തിലെ കർഷകത്തൊഴിലാളികൾ ഗവൺമെൻറിന്റെ മുമ്പിൽ മെമ്മോറാണ്ടം തന്നിരുന്നു. അതിനെപ്പറ്റി ഒരു പരിഗണനയും ഇല്ലെന്നാണോ വിശ്വസിക്കേണ്ടത്?

ശ്രീ. പി. രവീന്ദ്രൻ: വെൽഫെയർ ഫണ്ടുസ്കീമിനെ സംബന്ധിച്ച് ഈ ഗവൺമെൻറ് ഇതുവരെ പരിഗണിച്ചിട്ടില്ലെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. ഇ. ജോൺജേക്കബ്: തൊഴിലാളികളുടെയിടയിൽ ഏറ്റവും കൂടുതൽ അവശതയനുഭവിക്കുന്ന കർഷകത്തൊഴിലാളികൾക്ക്, മറ്റു തൊഴിലാളികൾക്ക്—പ്രത്യേകിച്ചും വ്യവസായ തൊഴിലാളികൾക്ക്—ലഭിക്കുന്ന ആനുകൂല്യങ്ങൾ യാതൊന്നും ലഭിക്കുന്നില്ല എന്നുള്ളതു കണക്കിലെടുത്ത് ഈ ഗവൺമെൻറ് എന്തെങ്കിലും ആനുകൂല്യങ്ങൾ വെൽഫെയർ ഫണ്ടായിട്ടായിട്ടല്ലെങ്കിലും മറ്റേതെങ്കിലും വിധത്തിൽ നൽകാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രവീന്ദ്രൻ: പരിഗണിക്കാം. ഗവൺമെൻറ് കർഷകത്തൊഴിലാളികൾക്ക് ഭവനനിർമ്മാണപദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ആ പദ്ധതി കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകാൻ കഴിയുമെന്നാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്. കർഷകത്തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി വെൽഫെയർ ഫണ്ടോ മറ്റു സഹായങ്ങളോ എന്താണു ചെയ്യേണ്ടതെന്ന് ആലോചിക്കാം.

ശ്രീ. കെ. കരുണാകരൻ: വെൽഫെയർ ഫണ്ട് ഏർപ്പെടുത്തുന്നതിന് പകരം ചെത്തുതൊഴിലാളികൾക്ക് ഏർപ്പെടുത്തിയതുപൊലെയുള്ള ആനുകൂല്യങ്ങൾ കർഷകത്തൊഴിലാളികൾക്ക് ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. പി. രവീന്ദ്രൻ: പരിശോധിക്കാം.

ശ്രീ. ടി. കെ. കൃഷ്ണൻ: ചെത്തുതൊഴിലാളികൾക്ക് അനുവദിച്ചതുപോലെ ഉള്ള ആനുകൂല്യങ്ങൾ കർഷകത്തൊഴിലാളികൾക്കും ഈ നിയമസഭ കഴിഞ്ഞാൽ ഉടനെ ഓർഡിനൻസായി പ്രഖ്യാപിക്കാൻ തയ്യാറാകുമോ?

ശ്രീ. പി. രവീന്ദ്രൻ: ആർഡിനൻസ് വേണോ ബില്ലുവേണോ എന്ന കാര്യം ഉടനെ ആലോചിക്കുന്നതാണ്.

ശ്രീ. ജി. ഗോപിനാഥൻപിള്ള: കർഷകത്തൊഴിലാളികൾക്ക് എന്തെങ്കിലും വെൽഫെയർ മെഷേഴ്സ് ഏർപ്പെടുത്തണമെന്നു വിചാരിക്കുന്നുണ്ടോ?

ശ്രീ. പി. രവീന്ദ്രൻ: ഈ വിഭാഗം തൊഴിലാളികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കാൻ കഴിയുമെന്നു ഗവൺമെൻറ് വളരെ

LIBRARY ARCHIVES Kerala Legislative Assembly

ഗൗരവപൂർവ്വം ആലോചിക്കുകയാണ്. ചില നടപടികളും എടുത്തിട്ടുണ്ട്, പുതിയ നിയമനിർമ്മാണം അതിലൊരു നടപടിയാണ്.

ശ്രീ. പി. കുഞ്ഞൻ: ഇന്നു പല സ്ഥലങ്ങളിലും കൂലിചോദിക്കുന്ന തൊഴിലാളികൾക്ക് ജൻമികൾ ന്യായമായ കൂലികൊടുക്കാതെ, കൂലിചോദിച്ചാൽ ജൻമിമാർ പോലീസിനെ ഇടപെടുവിക്കുകയും മർദ്ദിക്കുകയും ചെയ്യുന്നുണ്ട്. ഇതിനെതിരായി നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രവീന്ദ്രൻ: ന്യായമായ കൂലി ചോദിച്ചുകൊണ്ട് കർഷകത്തൊഴിലാളികൾ മുന്നോട്ടുവന്നാൽ പോലീസുകാർ ജൻമിയുടെ ഭാഗത്തു ചേരുന്നതായി ഞാൻ കേട്ടിട്ടില്ല.

പൂട്ടിക്കിടക്കുന്ന മില്ലുകൾ

* 91 (329) ശ്രീ. പി. എസ്. നമ്പൂതിരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്നത്തെ മന്ത്രിസഭ അധികാരം ഏറെറടുത്തതിനുശേഷം പൂട്ടിക്കിടക്കുന്ന എത്ര മില്ലുകൾ പുനരാരംഭിക്കുവാൻ നടപടികൾ എടുത്തിട്ടുണ്ട്;

(ബി) എത്ര എണ്ണം തുറന്നു പ്രവർത്തിച്ചുതുടങ്ങിയിട്ടുണ്ട്;

(സി) അടുത്തുതന്നെ തുറന്നു പ്രവർത്തിക്കുവാൻ സാദ്ധ്യതയുള്ള എത്ര വ്യവസായങ്ങൾ ഉണ്ട്;

(ഡി) കത്തിപ്പോയ സീതാറാം മില്ലിന്റെ നെയ്ത്തുവിഭാഗം അടുത്തുതന്നെ പുനരാരംഭിക്കുവാൻ നടപടികൾ എടുത്തിട്ടുണ്ടോ?

വ്യവസായവും തൊഴിലും മന്ത്രി (ശ്രീ. പി. രവീന്ദ്രൻ)

(എ) 3
(ബി) 1
(സി) 4
(ഡി) ഉണ്ട്.

ശ്രീ. പി. എസ്. നമ്പൂതിരി: നാലെണ്ണം തുറന്നു പ്രവർത്തിക്കാൻ സാധ്യതയുണ്ടെന്നു പറഞ്ഞു. ഏതൊക്കെയാണെന്നു വ്യക്തമാക്കുമോ?

ശ്രീ. പി. രവീന്ദ്രൻ: പൂട്ടിക്കിടക്കുന്ന മില്ലുകളിൽ കണ്ണൂർ സ്പിന്നിംഗ് മിൽ ഇതിനകം തുറന്നു പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു കാലിക്കട്ട് മിൽ ഉടനെ തുറന്നു പ്രവർത്തിക്കുന്നതാണ്. സീതാറാം മിൽ തുറന്നു പ്രവർത്തനം പുനരാരംഭിക്കാനുള്ള നടപടി സത്വരമായി ഗവൺമെൻറ് സ്വീകരിച്ചുവരുന്നുണ്ട്.

ശ്രീ. പി. എസ്. നമ്പൂതിരി: വ്യവസായങ്ങളെന്നു പറയുന്നത് ഫാക്ടറികളെസംബന്ധിച്ചാണെങ്കിൽ, പൂട്ടിക്കിടക്കുന്ന ഒന്നുരണ്ട് കശുഅണ്ടി ഫാക്ടറികളും ഉണ്ട്; അവ തുറന്നു പ്രവർത്തിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രവീന്ദ്രൻ: ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly